**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി പ്രാദേശിക കാർഷിക കേന്ദ്രത്തിൽ കാട്ടുപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി പ്രാദേശിക കാർഷിക കേന്ദ്രത്തിൽ കാട്ടുപന്നികൾ മൂലം ഗവേഷണങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിലെ നെൽകൃഷിക്കാർ നെൽവിത്തിനായി ഏറ്റവും കൂടുതൽ അശ്രയിക്കുന്ന ഈ ഗവേഷണ കേന്ദ്രത്തിൽ കാട്ടുപന്നികളുടെ ആക്രമണം വിത്തുകളുടെ ലഭ്യത കുറയ്ക്കുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് കാട്ടുപന്നി അടക്കമുളള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെ തുടർന്ന് ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ(എം.എസ്) 04/2011/വനം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകി 17-06-2011-ലെ സ.ഉ (സാധാ)നം.265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർ വർഷങ്ങളിൽ പുതുക്കുകയും ആയതിൻറെ നിലവിലെ കാലാവധി സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം റെയിഞ്ച് പരിധിയിൽ വരുന്ന തോക്ക് ലൈസൻസുള്ള 11 പേരെ എംപാനലിൽ ഉൾപ്പെടുത്തുകയും ഒറ്റപ്പാലം റെയിഞ്ച് പരിധിയിൽ നാളിതുവരെ 207 കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുകയും ചെയ്തിട്ടുണ്ട്. പട്ടാമ്പി കാർഷിക കേന്ദ്രത്തിൽ ഇതുവരെയായി 50-ഓളം കാട്ടുപന്നികളെ വെടിവെച്ചുകൊന്നിട്ടുണ്ട്. ടി പ്രവൃത്തി ത്വരിതഗതിയിൽ തുടരുന്നതിനും കാട്ടുപന്നികളുടെ ശല്യം ഇല്ലാതാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ